LIBRARY ARCHIVES Kerala Legislative Assembly

മൈനർ തുറമുഖങ്ങളുടേയും കടൽപ്പാലങ്ങളുടേയും വികസനം

160 [2287] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൈനർ തുറമുഖങ്ങളുടെ വികസനത്തിനായി എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ട്; അത് ഏതെല്ലാം തുറമുഖങ്ങൾക്ക് വേണ്ടിയായിരുന്നു എന്ന് അറിയിക്കാമോ;

(ബി) വലിയതുറ, കൊല്ലം, ആലപ്പുഴ, കോഴിക്കോട് എന്നീ കടൽപ്പാലങ്ങൾ പുനരുദ്ധരിക്കാൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ചരക്കിറക്കിന് പ്രയോജനപ്പെടുത്താൻ കഴിയാത്ത കടൽപ്പാലങ്ങളെ മൺസൂൺ കാലത്ത് മത്സ്യബന്ധനത്തിന് കട്ടമരങ്ങൾ കടലിലിറക്കാൻ സൗകര്യപ്രദമാകുന്ന രീതിയിൽ പരിഷ്ക്കരിക്കാൻ നടപടി സ്വീകരിക്കുമോ; അത്തരം പാലങ്ങളിൽ ട്രോളി സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൈനർ തുറമുഖങ്ങളുടെ വികസനത്തിനായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചു.

1.	അഴീക്കൽ ..	102 ലക്ഷം രൂപ
2.	ബേപ്പൂർ ..	38 ലക്ഷം രൂപ
3.	ആലപ്പുഴ ..	17 ലക്ഷം രൂപ
4.	വിഴിഞ്ഞം ..	9 ലക്ഷം രൂപ

കൂടാതെ തലസ്ഥാന നഗരവികസനത്തിന്റെ കീഴിൽ വിഴിഞ്ഞം തുറമുഖത്തിന്റെ വികസനത്തിനായി 89,91,234 രൂപ കൺസൾട്ടൻസി ചാർജ് ഇനത്തിൽ ചെലവായിട്ടുണ്ട്. വിവിധ തുറമുഖങ്ങളുടെ പദ്ധതികൾക്കായി തുറമുഖ ഡയറക്ടറേറ്റ് 25 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി) പദ്ധതികളൊന്നും ആവിഷ്ക്കരിച്ചിട്ടില്ല.

(സി) ഇപ്പോൾ നടപടികളൊന്നും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നില്ല.